റ്റളിംഗ് കൊടുക്കാനുള്ള അധികാരം ചെയറിനില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സംസാരിക്കട്ടെ. ...(ബഹളം).....

ശ്രീ. എ. കെ. ബാലൻ: സർ, മാണിസാർ, നിരപരാധിയാണെന്ന് മുഖ്യമന്ത്രി പറയട്ടെ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, മാണിസാർ രാജിവയ്ക്കണം. രാജിവച്ച ശേഷം അന്വേഷണം നടത്തണം. എഫ്. ഐ. ആർ. ഇടാൻ പറയണം.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇതിൽ ഞാനെന്ത് റ്റളിംഗാണ് നൽകേണ്ടത്? ഏതിനാണ് റ്റളിംഗ്? എഫ്. ഐ. ആർ. ഇടാൻ പറയാൻ ചെയറിന് അധികാരമില്ല.

(പ്രതിപക്ഷാംഗങ്ങൾ ബാർ കോഴ സംബന്ധിച്ച് ധനകാര്യ വകുപ്പുമന്ത്രി ക്കെതിരെ എഫ്. ഐ. ആർ. രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തണമെന്നാ വശ്യപ്പെട്ട് മുദ്രാവാക്യം വിളിച്ചുകൊണ്ട് സ്പീക്കറുടെ ഡയസ്സിനുസമീപം വന്നുനിന്ന് ബഹളം വയ്ക്കുകയും സ്പീക്കറുടെ ഡയസ്സിൽ കയറി മൈക്കിലൂടെ മുദ്രാവാക്യം വിളിക്കുകയുമുണ്ടായി.)

മി. ഡെപ്യൂട്ടി സ്പീക്കർ: അകത്തുകയറിയാൽ നടപടിയുണ്ടാകും. ഡയസ്സിനുള്ളിൽ പ്രവേശിച്ചാൽ അംഗങ്ങൾക്കെതിരെ നടപടിയെടുക്കേണ്ടിവരും. .....(ബഹളം)..... ബഹുമാനപ്പെട്ട അംഗങ്ങൾ സീറ്റിലേയ്ക്ക് പോകണം. ..... (ബഹളം)..... സഭാനടപടികൾ അല്പസമയത്തേയ്ക്ക് നിർത്തിവയ്ക്കുന്നു.

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് രാവിലെ 10.55-ന് സഭ നിർത്തിവക്കുകയും. ഉച്ചയ്ക്കശേഷം 12.25-ന് പുനരാരംഭിക്കുകയും ചെയ്തു.)

VI അറിയിപ്പ്

സഭയിലെ അംഗങ്ങളുടെ മോശമായ പെരുമാറ്റം

മി. ഡെപ്യൂട്ടി സ്പീക്കർ: വളരെ നിർഭാഗ്യകരമായ സംഭവങ്ങളാണ് സഭയിൽ ഇന്ന് നടന്നത്. ഈ വിഷയം സംബന്ധിച്ച് ചെയർ ഭരണ-പ്രതിപക്ഷ കക്ഷി കളുമായി സംസാരിച്ചെങ്കിലും യോജിച്ച ഒരു തീരുമാനമെടുക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ഇതുസംബന്ധിച്ച ചെയറിന്റെ അഭിപ്രായം ആദ്യം രേഖപ്പെടുത്തുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇന്ന് സഭ സമ്മേളിച്ചുകൊണ്ടിരുന്നപ്പോഴുണ്ടായ സംഭവങ്ങൾ വളരെ ദൗർഭാഗ്യകരമാണ്. സർവ്വശ്രീ വി. ശിവൻകുട്ടി, ബാബു എം. പാലിശ്ശേരി, റ്റി. വി. രാജേഷ്, പി. ശ്രീരാമകൃഷ്ണൻ, ആർ. രാജേഷ് എന്നിവരും മറ്റ് ചില അംഗങ്ങളും സ്പീക്കറുടെ ഡയസ്സിൽ കയറുകയും ഉച്ചത്തിൽ മുദ്രാവാക്യം മുഴക്കി സഭാനടപടികൾ തടസ്സപ്പെടുത്തുകയും ചെയ്തു. ശ്രീ. വി. ശിവൻകുട്ടി ചെയറിന്റെ മൈക്ക് പിടിച്ച് വലിക്കുകയും പ്രസ്തുത മൈക്കിലൂടെ ഉച്ചത്തിൽ മുദ്രാവാക്യം വിളിച്ച് സഭാ നടപടികൾ തടസ്സപ്പെടുത്തുകയും ചെയ്തു. അംഗങ്ങളുടെ ഈ പെരുമാറ്റം നിയമസഭാ സാമാജികരുടെ പെരുമാറ്റച്ചട്ടത്തിന്റെ ലംഘനവും സഭയോടുള്ള കടുത്ത അനാദരവും ഗുരുതരമായ അച്ചടക്കലംഘനവുമാണ്. എന്തൊക്കെ പ്രകോപനങ്ങളുണ്ടായാലും വാച്ച് ആന്റ് വാർഡിനെ സഭയിലേയ്ക്ക് വിളിക്കരുതെന്ന സഭാദ്ധ്യക്ഷന്റെ തീരുമാനം കഴിഞ്ഞ 3 വർഷമായി പാലിച്ചുവരികയാണ്. ഇതൊരു ബലഹീനതയായി ബഹുമാനപ്പെട്ട ചില അംഗങ്ങൾ കണ്ടുവെന്ന് ഇന്നത്തെ സംഭവങ്ങൾ സൂചിപ്പിക്കുന്നു. സഭയുടെ ഉന്നതമായ അന്തസ്സ് നിലനിർത്തുന്നതിന് എല്ലാ ഭാഗത്തുനിന്നുമുള്ള സഹകരണം ചെയർ അഭ്യർത്ഥിക്കുന്നു. ദൗർഭാഗ്യകരമായ ഇത്തരം സംഭവങ്ങൾ ഒഴിവാക്കാൻ ശ്രദ്ധിക്കണമെന്ന് എല്ലാ കക്ഷിനേതാക്കന്മാരോടും അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, അങ്ങ് പ്രകടിപ്പിച്ച വികാരത്തോട് പൂർണ്ണമായും യോജിക്കുകയാണ്. ഇന്ന് സഭ സമ്മേളിച്ചുകൊണ്ടിരുന്ന സമയത്ത് സർവ്വശ്രീ വി. ശിവൻകുട്ടി, ബാബു എം. പാലിശ്ശേരി, റ്റി. വി. രാജേഷ്, പി. ശ്രീരാമകൃഷ്ണൻ, ആർ. രാജേഷ് എന്നീ അംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിൽ കയറുകയും മുദ്രാവാക്യം വിളിക്കുകയും സഭാനടപടികൾ തടസ്സപ്പെടുത്തുകയും ചെയ്തു. അങ്ങ് സൂചിപ്പിച്ചതുപോലെ, ശ്രീ. വി. ശിവൻകുട്ടി, ഡെപ്യൂട്ടി സ്പീക്കറുടെ മൈക്ക് പിടിച്ചുവലിക്കുകയും അതിലൂടെ ഉച്ചത്തിൽ മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ അലങ്കോലപ്പെടുത്തുകയുമുണ്ടായി. മേൽപ്പറഞ്ഞ അംഗങ്ങളുടെ നടപടി സഭയോടുള്ള കടുത്ത അനാദരവും അച്ചടക്കലംഘനവുമാണ്. നിയമസഭാ സാമാജികരുടെ പെരുമാറ്റച്ചട്ടത്തിന്റെ ലംഘനം ഇക്കാര്യത്തിൽ ഉണ്ടായതിനാൽ കടുത്ത അച്ചടക്കലംഘനം നടത്തിയ ശ്രീ. വി. ശിവൻകുട്ടിയെ ഇന്ന് സഭ പിരിയുന്നതുവരെ സഭയിൽനിന്നും സസ്പെന്റ് ചെയ്യണമെന്നും സർവ്വശ്രീ ബാബു എം. പാലിശ്ശേരി, റ്റി. വി. രാജേഷ്, പി. ശ്രീരാമകൃഷ്ണൻ, ആർ. രാജേഷ് എന്നീ അംഗങ്ങളെ കർശനമായി താക്കീത് ചെയ്യണമെന്നുമുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

(ഗവണ്മെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭയുടെ നടുത്തളത്തിലിരുന്ന് മുദ്രാവാക്യം മുഴക്കി സഭാനടപടികൾ തടസ്സപ്പെട്ടുത്തിക്കൊണ്ടിരുന്നു.)

VII റിപ്പോർട്ട് സമർപ്പണം

കാര്യോപദേശക സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, കാര്യോപദേശക സമിതിയുടെ 18-ാമത് റിപ്പോർട്ട് സമിതിയുടെ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

VIII റിപ്പോർട്ട് പരിഗണന

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, കാര്യോപദേശക സമിതിയുടെ 18-ാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം സമിതിയുടെ ചെയർമാനായ ഞാൻ അവതരിപ്പിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: കാര്യോപദേശക സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

ഇന്നത്തെ എല്ലാ സബ്മിഷനുകളും റദ്ദാക്കുന്നു. സബ്മിഷനുകൾക്കുള്ള മറുപടി ബഹുമാനപ്പെട്ട മന്ത്രിമാർ അതാത് അംഗങ്ങൾക്ക് അയച്ചുകൊടുക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly